കേരള സർക്കാർ

<u>സംഗ്രഹം</u>

വ്യാവസായിക പരിശീലന വകുപ്പ് - കോഴിക്കോട് ജില്ലയിലെ പേരാമ്പ്രയിൽ പുതിയ സർക്കാർ ഐ.ടി.ഐ. ആരംഭിക്കുന്നത് - ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തൊഴിലും നൈപുണ്യവും (സി) വകുപ്പ്

സ.ഉ. (കൈയെഴുത്ത്) നം.186/2016/തൊഴിൽ    തിരുവനന്തപുരം, തീയതി 25.11.2016

---

പരാമർശം - 1. ട്രെയിനിംഗ് ഡയറക്ടറുടെ 29.09.2016 ലെ ഐ 4/20163/16 എന്ന നമ്പർ കത്ത്.
2. സ.ഉ (കൈയെഴുത്ത്) നം.179/05/പൊ.ഭ.വ. തീയതി 04.06.2005

## <u>ഉത്തരവ്</u>

2016-17 ലെ പുതുക്കിയ ബഡ്ജറ്റിൽ കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര, പാലക്കാട് ജില്ലയിലെ പെരുമാട്ടി, കണ്ണൂർ ജില്ലയിലെ പടിയൂർ, തിരുവനന്തപുരം ജില്ലയിലെ വാമനപുരം എന്നിവിടങ്ങളിൽ നാല് ഫുൾ ഫ്ലെഡ്ജ്ഡ് ഫസ്റ്റ് ഗ്രേഡ് ഐ.ടി.ഐ. കൾ ഘട്ടം ഘട്ടമായി സ്ഥാപിക്കുന്നതാണ് എന്നും ഇതിന്റെ പ്രാരംഭമായി ഒരു ഐ.ടി.ഐ. ഇപ്പോൾ സ്ഥാപിക്കുന്നതാണെന്നും പരാമർശിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ കോഴിക്കോട് ജില്ലയിലെ പേരാമ്പ്രയിൽ പുതിയ സർക്കാർ ഐ.ടി.ഐ. സ്ഥാപിക്കുന്നതു സംബന്ധിച്ച് വിശദമായ ശിപാർശ ട്രെയിനിംഗ് ഡയറക്ടർ സൂചന ഒന്നിലെ പരാമർശ പ്രകാരം സമർപ്പിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു ഇതിന്റെ അടിസ്ഥാനത്തിൽ കോഴിക്കോട് ജില്ലയിലെ പേരാമ്പ്രയിൽ ഡ്രാഫ്റ്റ്സ്മാൻ സിവിൽ, മെക്കാനിക്കൽ അഗ്രിക്കൾച്ചർ മെഷീനറി എന്നീ രണ്ടു ട്രേഡുകളും അവയ്ക്കാവശ്യമായ താഴെപ്പറയും പ്രകാരമുള്ള 8 തസ്തികകളോടുകൂടി പുതിയ സർക്കാർ ഐ.ടി.ഐ. സ്ഥാപിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| Sl. No | Name of Post | Scale of Pay | No. of posts | Expenditure per month | | | | Total expenditure per year per post (Including Leave salary) | Total for all Posts |
|---|---|---|---|---|---|---|---|---|---|
| | | | | Pay | DA | HRA | Total | | |
| 1 | Principal Class -II | 42500-87000 | 1 | 42,500 | 3,825 | 1,000 | 47,325 | 615,225 | 615,225 |
| 2 | Junior Instructor | 26500-56700 | 4 (2 posts in each trade) | 26,500 | 2,385 | 1,000 | 29,885 | 388,505 | 1,554,020 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 3 | ACD Instructor | 26500-56700 | 1 | 26,500 | 2,385 | 1,000 | 29,885 | 388,505 | 388,505 |
| 4 | Clerk | 19000-43600 | 1 | 19,000 | 1,710 | 1,000 | 21,710 | 282,230 | 282,230 |
| 5 | Office Attendant | 16500-35700 | 1 | 16,500 | 1,485 | 1,000 | 18,985 | 246,805 | 246,805 |
| 6 | Watchman | 16500-35700 | 0 | 16,500 | 1,485 | 1,000 | 18,985 | 246,805 | 0 |
| 7 | Part Time Sweeper | 8200-13340 | 0 | 8,200 | 738 | | 8,938 | 116,194 | 0 |
| | Grand Total | | 8 | | | | | | 3,086,785 |

3. പ്രസ്തുത ഐ.ടി.ഐ.യിൽ രണ്ട് സെക്യൂരിറ്റി ജീവനക്കാരെ സൂചന 2 ലെ സർക്കാർ ഉത്തരവിനു വിധേയമായി കേരള സ്റ്റേറ്റ് എക്സ്സർവ്വീസ് മെൻ ഡെവലപ്മെന്റ് & റിഹാബിലിറ്റേഷൻ കോർപ്പറേഷൻ മുഖേനയും ഒരു ശുചീകരണ തൊഴിലാളിയെ കുടുംബശ്രീ മുഖേനയും താല്ക്കാലികാടിസ്ഥാനത്തിൽ നിയമിക്കുന്നതിനും അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ടോം ജോസ്
അഡീഷണൽ ചീഫ് സെക്രട്ടറി

ട്രെയിനിംഗ് ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /ഡി.ബി. സെൽ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്. (324960/H&L-A1 /16/Fin. തീയതി 15.11.2016 പ്രകാരം)
പൊതുഭരണ (എസ് സി) വകുപ്പ്.
വിവര പൊതുജന സമ്പർക്ക വകുപ്പ്. (വെബ്സൈറ്റിൽ പരസ്യപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

Bindu

സെക്ഷൻ ഓഫീസർ.